# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 4966 22.05.2017 ൽ മറുപടിയ്ക്ക്**

**മിഡ്-ഡേ മീൽ സ്കീം**

**ചോദ്യം** **ഉത്തരം**

ശ്രീ. കെ.കൃഷ്ണൻകുട്ടി

പ്രൊഫ സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ 'മിഡ് ഡേ മീൽ' പദ്ധതിയുടെ സംസ്ഥാനത്തെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ ലഭിച്ചതുക, വിനിയോഗിച്ചതുക എന്നിവ സഹിതം ജില്ലാടിസ്ഥാനത്തിൽ വിശദീകരിക്കാമോ ; | എ) | 1984 മുതൽ സംസ്ഥാനം തനത് ഫണ്ടുപയോഗിച്ച് നടപ്പാക്കിവന്നിരുന്ന സ്കൂൾ ഉച്ചഭക്ഷണ പദ്ധതി 1995 മുതൽ കേന്ദ്ര/സംസ്ഥാന ഫണ്ടുകളുപയോഗിച്ചാണ് നടപ്പാക്കിവരുന്നത്. പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദമായ കുറിപ്പ് അനുബന്ധമായി ചേർക്കുന്നു • ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്. |
| ബി) | പ്രസ്തുത പദ്ധതിയിൻകീഴിൽ ഈ വർഷം സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ എന്തെല്ലാമാണ് ; | ബി) | സംസ്ഥാന സ്കൂൾ ഉച്ചഭക്ഷണ പദ്ധതി ഒരു തുടർ പദ്ധതി ആണ്. ആയത്കൊണ്ടു തന്നെ ഉത്തരം (എ) യിൽ പറഞ്ഞിരിക്കുന്നത് പ്രകാരമുള്ള എല്ലാ പ്രവർത്തനങ്ങളും ഈ വർഷവും നടപ്പിലാക്കുന്നതാണ് |
| സി) | പ്രസ്തുത പദ്ധതിക്ക് ഈ വർഷത്തെ കേന്ദ്ര സംസ്ഥാന വിഹിതം എത്രയാണ്, ഈ വർഷം ഇതുവരെ എത്ര രൂപ വിനിയോഗിച്ചിട്ടുണ്ട് ; വിശദമാക്കുമോ? | സി) | 2017 – 18 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ ഉച്ച ഭക്ഷണ പദ്ധതിക്കായി 20341.74 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ മാൻഡേറ്ററി വിഹിതം 11635.48 ലക്ഷം രൂപ എന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. എന്നാൽ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി നടപ്പ വർഷം സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പ്ലാൻ ശീർഷകങ്ങളിൽ 64053 ലക്ഷം രൂപയും നോൺപ്ലാൻ ശീർഷകങ്ങളിൽ 4234.66 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ കുട്ടികൾക്ക് ആഴ്ചയിൽ രണ്ട് പ്രാവശ്യം പാൽ നൽകുന്നതിന് 1200 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. 2017 – 18 വർഷത്തെ ഫണ്ട് ഇതുവരേയും വിനിയോഗിച്ച് തുടങ്ങിയിട്ടില്ല. ജൂൺ ആദ്യവാരം തന്നെ സ്കൂളുകൾക്കുള്ള ഫണ്ട് വിതരണം നടത്തുന്നതിലേയ്ക്കുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## മിഡ് ഡേ മീൽ പദ്ധതിയുടെ സംസ്ഥാനത്തെ നാളിതുവരെയുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള കുറിപ്പ്

1984 മുതൽ സംസ്ഥാനം തനത് ഫണ്ടുപയോഗിച്ച് നടപ്പാക്കിവന്നിരുന്ന സ്കൂൾ ഉച്ചഭക്ഷണ പദ്ധതി 1995 മുതൽ കേന്ദ്ര /സംസ്ഥാന ഫണ്ടുകളുപയോഗിച്ചാണ് നടപ്പാക്കിവരുന്നത്. സർക്കാർ, എയ്ഡഡ് മേഖലകളിലെ 1 മുതൽ 8-ാം ക്ലാസ്സ് വരെ യുള്ള കുട്ടികൾ, എം.ജി.എൽ.സി/ ബദൽ സ്കൂളുകളിലെ കുട്ടികൾ, ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കായുള്ള സർക്കാർ അംഗീകൃത സ്കൂളുകളിലെ കുട്ടികൾ, ടെക്നിക്കൽ ഹൈസ്കൂളുകളിലെ 8-ാം ക്ലാസ്സ് വിദ്യാർത്ഥികൾ - എന്നിവർ ഈ പദ്ധതിയുടെ പരിധിയിൽ വരുന്നു.

സംസ്ഥാനത്ത് 12327 സ്കൂളുകളിലായി 26,54,807 വിദ്യാർത്ഥികൾ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ കീഴിൽ വരുന്നു. കേന്ദ്ര മാനവ വിഭവശേഷി വികസന വകുപ്പ് മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം പ്രൈമറി വിഭാഗം വിദ്യാർത്ഥികൾക്ക് പ്രതിദിനം 100 ഗ്രാം അരി വീതവും അപ്പർ പ്രൈമറി വിഭാഗം വിദ്യാർത്ഥികൾക്ക് പ്രതിദിനം 150 ഗ്രാം അരി വീതവുമാണ് പാചകം ചെയ്ത് ഉച്ചഭക്ഷണമായി നൽകുന്നത്. പ്രീ പ്രൈമറി വിദ്യാർത്ഥികൾക്ക് പ്രതിദിനം 30 ഗ്രാം അരി വീതം പാചകം ചെയ്ത് ഉച്ചഭക്ഷണമായി നൽകിവരുന്നു. ധാന്യകം, മാംസ്യം, കൊഴുപ്പ്, ധാതുക്കൾ എന്നിവ ആവശ്യമായ അളവിലും അനുപാതത്തിലും അടങ്ങിയ കറികളും ഉച്ചഭക്ഷണത്തോടൊപ്പം നൽകുന്നു.

ആഴ്ചയിൽ രണ്ട് പ്രാവശ്യം പാലും (കുട്ടിയൊന്നിന് 150 മി.ലി വീതം) ഒരു പ്രാവശ്യം മുട്ടയും (പുഴുങ്ങിയോ, കറിവെച്ചോ) ഉച്ചഭക്ഷണത്തിനു പുറമെ കുട്ടികൾക്ക് നൽകുന്നുണ്ട്.

സ്കൂൾ തലത്തിൽ നൂൺഫീഡിംഗ് കമ്മിറ്റികളും പ്രധാനാദ്ധ്യാപകരും, ഉപജില്ലാ തലത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, നൂൺമീൽ ഓഫീസർ എന്നിവരും ജില്ലാതലത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർ, നൂൺഫീഡിംഗ് സൂപ്പർവൈസർ, സംസ്ഥാനതലത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ അഡീഷണൽ ഡയറക്ടർ (ജനറൽ), സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്(നൂൺമീൽ) എന്നിവരുമാണ് സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പും മേൽനോട്ടവും നിർവ്വഹിക്കുന്നത്. പദ്ധതി നടത്തിപ്പ് നിരന്തരം അവലോകനം ചെയ്യുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി സംസ്ഥാന, ജില്ല, ഉപജില്ലാ തലങ്ങളിൽ സ്റ്റിയറിംഗ് കം മോണിറ്ററിംഗ് കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

സീനിയർ അഡ്മിനിസ്ട്രേറ്റിവ് അസിസ്റ്റന്റിന്റെ (നൂൺമീൽ) കീഴിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന നൂൺമീൽ വിഭാഗമാണ് സംസ്ഥാനതലത്തിൽ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പ് സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. രണ്ട് സൂപ്രണ്ട്മാരും ആറ് ക്ലാർക്കുമാരും ഒരു ഓഫീസ് അറ്റൻഡന്റും ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന മൂന്ന് ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരുമാണ് ടി വിഭാഗത്തിൽ നിലവിലുള്ളത്.

ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിൽ സ്കൂൾ പ്രഥമാദ്ധ്യാപകരും സ്കൂൾ നൂൺഫീഡിംഗ് കമ്മറ്റികളും സുപ്രധാനമായ ഉത്തരവാദിത്വം നിർവ്വഹിക്കുന്നു. ഉച്ചഭക്ഷണ പാചകതൊഴിലാളികളെ നിയമിക്കുന്നതും ഓരോ മാസത്തേയും മെനു നിശ്ചയിക്കുന്നതും എല്ലാ മാസവും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കേണ്ട വരവ് ചെലവ് കണക്കുകൾ പരിശോധിച്ച് അംഗീകാരം നൽകുന്നതും നൂൺഫീഡിംഗ് കമ്മിറ്റികളാണ്. നൂൺഫീഡിംഗ് കമ്മറ്റികൾ ഏറ്റവും കുറഞ്ഞത് മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും യോഗം ചേർന്ന് പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ ചെയർമാൻ പി.ടി.എ പ്രസിഡന്റും കൺവീനർ സ്കൂൾ പ്രഥമാദ്ധ്യാപകനുമാണ്. മദർ പി.ടി.എ അംഗം, അദ്ധ്യാപക പ്രതിനിധികൾ, എസ്.സി/ എസ്.ടി വിഭാഗത്തിൽപ്പെട്ട രക്ഷകർത്താക്കളുടെ രണ്ട് പ്രതിനിധികൾ, പ്രദേശത്തെ വാർഡ് മെമ്പർ എന്നിവർ കമ്മറ്റിയിൽ അംഗങ്ങളാണ്. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി (എസ്.എം.സി) യെകൂടി പദ്ധതിയുടെ നടത്തിപ്പ്, ഭക്ഷണത്തിന്റെ ഗുണമേന്മ, ഭക്ഷണ വിതരണത്തിലെശുചിത്വം,പരിസര ശുചിത്വം എന്നിവ പരിശോധിക്കുന്നതിനും ചുമതലപ്പെടുത്തിയിട്ടുണ്ട്.

**<u>ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനുള്ള ഫണ്ട്:-</u>**

റിക്കറിംഗ്, നോൺ റിക്കറിംഗ് എന്നീ രണ്ട് വിഭാഗങ്ങളിലായാണ് ഉച്ചഭക്ഷണ പദ്ധതിയുടെ ഫണ്ട് വിനിയോഗിക്കുന്നത്. ഈ വിഭാഗങ്ങളിലെ ചില ചെലവുകൾക്ക് 100% കേന്ദ്ര ധന സഹായം ലഭിക്കുമ്പോൾ ബാക്കിയുള്ളവയ്ക്ക് കേന്ദ്ര - സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ ഫണ്ട് അനുവദിക്കുന്നു. ഓരോ ഇനത്തിലുമുള്ള ഫണ്ട് വിഹിതത്തിന്റെ ശതമാനം ചുവടെ ചേർക്കുന്നു.

**<u>എ. റിക്കറിംഗ് വിഭാഗം</u>**

1. അരിയുടെ വില - 100% കേന്ദ്ര ധന സഹായം (മെട്രിക് ടണ്ണിന് 3000/- രൂപ നിരക്കിൽ)
2. പാചക ചെലവ് (കണ്ടിജന്റ് ചാർജ്ജ്) - 60% തുക കേന്ദ്രം, 40% തുക സംസ്ഥാനം
3. പാചകതൊഴിലാളികളുടെ ഓണറേറിയം - 60% തുക കേന്ദ്രം, 40% തുക സംസ്ഥാനം
4. ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് - 100% കേന്ദ്ര ധന സഹായം
5. മാനേജ്മെന്റ് , മോണിറ്ററിംഗ് & ഇവാലേഷൻ - 100% കേന്ദ്ര ധന സഹായം

## ബി. നോൺ റിക്കറിംഗ് വിഭാഗം

1. പാചകപ്പുര നിർമ്മാണം - 60% തുക കേന്ദ്രം, 40% തുക സംസ്ഥാനം
2. പാചക ഉപകരണങ്ങൾ പുതിയത് വാങ്ങുന്നതിനും
   പഴയത് മാറ്റിയെടുക്കുന്നതിനും - 100% കേന്ദ്ര ധന സഹായം

ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനാവശ്യമായ അരി കേന്ദ്ര സർക്കാർ നൽകുന്നു. എഫ്.സി.ഐയ്ക്ക് നൽകേണ്ട അരിയുടെ വില പൂർണ്ണമായും കേന്ദ്ര സർക്കാർ നൽകുന്നു (കിലോയ്ക്ക് 3/- രൂപ നിരക്കിൽ). നോൺ റിക്കറിംഗ് വിഭാഗത്തിലെ പാചക ചെലവ്, പാചക തൊഴിലാളികളുടെ ഓണറേറിയം, എന്നീ ഇനങ്ങളിൽ സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള വിഹിതത്തേക്കാൾ അധിക തുക ചെലവഴിക്കേണ്ടി വരുന്നുണ്ട്. 100% കേന്ദ്ര ധന സഹായം ലഭിക്കുന്ന അരിയുടെ ട്രാൻസ്പോർട്ടേഷൻ ഇനത്തിലും സംസ്ഥാന സർക്കാരിന് വലിയ ഒരു തുക ചെലവഴിക്കേണ്ടി വരുന്നു. ഇത് സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

i) ട്രാൻസ്പോർട്ടേഷൻ :-

ഒരു മെട്രിക് ടൺ അരി ലിഫ്റ്റ് ചെയ്യുന്നതിന് 750/- രൂപ മാത്രമാണ് കേന്ദ്ര സർക്കാർ അനുവദിക്കുന്നത്. എന്നാൽ ടി തുകയോടൊപ്പം 1400/- രൂപ കൂടി ചേർത്ത് ആകെ 2150/- രൂപയാണ് ഒരു മെട്രിക് ടൺ അരി ലിഫ്റ്റ് ചെയ്ത് സ്കൂളുകൾക്ക് വിതരണം ചെയ്യുന്നതിന് നോഡൽ ഏജൻസിയായ സിവിൽ സപ്ലൈസ് കോർപ്പറേഷന് സംസ്ഥാന സർക്കാർ നൽകി വരുന്നത്. ഈ ഇനത്തിൽ ഒൻപത് കോടി രൂപയാണ് സംസ്ഥാന സർക്കാരിന്റെ പ്രതിവർഷ അധിക ബാധ്യത.

ii) പാചക തൊഴിലാളികളുടെ ഓണറേറിയം:-

സ്കൂളുകളിൽ ഉച്ചഭക്ഷണം പാചകം ചെയ്യുന്ന പാചകതൊഴിലാളിക്ക് പ്രതിമാസം 600 രൂപ വീതമാണ് ഓണറേറിയം ഇനത്തിലുള്ള കേന്ദ്ര വിഹിതം. 40% സ്റ്റേറ്റ് ഷെയർ ആയ 400/- രൂപ കൂടി ചേർത്ത് ആകെ 1000/- രൂപയാണ് ഒരു പാചകതൊഴിലാളിക്ക് പ്രതിമാസം ഓണറേറിയമായി നൽകുവാൻ കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കൂൾ ഉച്ചഭക്ഷണ പാചകതൊഴിലാളികൾക്ക് 400/- രൂപ മുതൽ 475/- രൂപ വരെ പ്രതിദിനം ഓണറേറിയം നൽകിവരുന്നു. ഇതിൻപ്രകാരം ഒരു പാചകതൊഴിലാളിക്ക് പ്രതിമാസം ശരാശരി 9000/- രൂപയോളം ഓണറേറിയമായി ലഭിക്കുന്നു. ഉയർന്ന ഓണറേറിയം നൽകുവാനാവശ്യമായ അധിക തുക സംസ്ഥാന സർക്കാർ നൽകുന്നു.

തമിഴ്നാട് ഒഴികെ ബാക്കിയെല്ലാ സംസ്ഥാനങ്ങളിലും പാചകതൊഴിലാളികൾക്ക് കേന്ദ്ര മാനവ വിഭവശേഷി വികസന വകുപ്പ് മന്ത്രാലയം നിഷ്കർഷിച്ചിട്ടുള്ള നിരക്കിലോ (പ്രതിമാസം 1000/- രൂപ) അല്ലെങ്കിൽ നേരിയ വർദ്ധനവോട് കൂടി മാത്രമേ ഓണറേറിയം ലഭ്യമാകുന്നുള്ളു.

സംസ്ഥാനത്തെ ഉച്ചഭക്ഷണ പാചകതൊഴിലാളികൾക്ക് ഉയർന്ന നിരക്കിൽ ഓണറേറിയം നൽകുന്നതിന് സംസ്ഥാന സർക്കാരിന് പ്രതിവർഷം 110 കോടിയോളം രൂപ അധിക ബാധ്യത വരുന്നുണ്ട്.

നിലവിലെ 500 കുട്ടികൾക്ക് (ഉച്ചഭക്ഷണം കഴിക്കുന്ന) ഒരു പാചകതൊഴിലാളി എന്നതിനു പകരം 250 കുട്ടികൾക്ക് ഒരു പാചക തൊഴിലാളിയെ നിയമിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

iii) പാചക ചെലവ് (കണ്ടിജന്റ് ചാർജ്ജ്):-

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉച്ചഭക്ഷണ പദ്ധതിയുടെ കണ്ടിജന്റ് ചാർജ്ജ് പരിഷ്കരിച്ചു 5-9-2016 മുതൽ സംസ്ഥാനത്ത് നിലവിലുള്ള ഉച്ചഭക്ഷണ പദ്ധതിയുടെ കണ്ടിജന്റ് ചാർജ്ജ് നിരക്കുകൾ ചുവടെ ചേർക്കുന്നു.

i) 150 കുട്ടികൾ വരെ- കുട്ടിയൊന്നിനു 8 രൂപ. + പാചക കൂലി പ്രത്യേകം.

ii) 151 മുതൽ 500 കുട്ടികൾ വരെ- ആദ്യത്തെ 150 കുട്ടികൾക്ക് കുട്ടിയൊന്നിനു 8 രൂപയും
പിന്നീടുള്ള കുട്ടികൾക്ക് കുട്ടിയൊന്നിനു 7 രൂപയും.
+ പാചക കൂലി പ്രത്യേകം.

iii) 500 കുട്ടികൾക്ക് മുകളിൽ - ആദ്യത്തെ 150 കുട്ടികൾക്ക് കുട്ടിയൊന്നിനു 8 രൂപയും,
151 മുതൽ 500 കുട്ടികൾവരെ കുട്ടിയൊന്നിനു 7 രൂപയും
പിന്നീടുള്ള കുട്ടികൾക്ക് കുട്ടിയൊന്നിനു 6 രൂപയും
+ പാചക കൂലി പ്രത്യേകം

കേന്ദ്ര മാനവ വിഭവശേഷി വികസന വകുപ്പ് മന്ത്രാലയത്തിന്റെ norms അനുസരിച്ചുള്ള കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കണ്ടിജന്റ് ചാർജ്ജിലെ 60:40 അനുപാതം ചുവടെ ചേർക്കുന്നു.

| വിഭാഗം | കണ്ടിജന്റ് ചാർജ്ജ് - കുട്ടിയൊന്നിന് (രൂപയിൽ) | കണ്ടിജന്റ് ചാർജ്ജ് - കേന്ദ്ര വിഹിതം (രൂപയിൽ) (60%) | കണ്ടിജന്റ് ചാർജ്ജ് സ്റ്റേറ്റ് മാൻഡേറ്ററി വിഹിതം (രൂപയിൽ)(40%) |
|---|---|---|---|
| എൽ.പി | 4.13 | 2.48 | 1.65 |
| യു.പി | 6.18 | 3.71 | 2.47 |

പദ്ധതി നടത്തിപ്പിന് കണ്ടിജന്റ് ചാർജ്ജിനത്തിൽ എൽ.പി വിഭാഗത്തിൽ കുട്ടിയൊന്നിന് 4 രൂപ 13 പൈസയും യു.പി. വിഭാഗത്തിൽ കുട്ടിയൊന്നിന് 6 രൂപ 18 പൈസയും അനുവദിച്ചാൽ മതിയെന്നിരിക്കെ ഉച്ചഭക്ഷണ പദ്ധതിയുടെ കാര്യക്ഷമവും സുഗമവുമായ നടത്തിപ്പിന് വേണ്ടി ഉയർന്ന നിരക്കിൽ- 8 രൂപ, 7 രൂപ, 6 രൂപ എന്നീ സ്ലാബുകളിലായാണ് നിലവിൽ കണ്ടിജന്റ് ചാർജ്ജ് സംസ്ഥാന സർക്കാർ അനുവദിക്കുന്നത്. ഇതിൻ പ്രകാരം എൽ.പി വിഭാഗത്തിൽ സ്റ്റേറ്റ് മാൻഡേറ്ററി ഷെയറായ 1 രൂപ 65 പൈസയ്ക്ക് പകരം 3 രൂപ 79 പൈസ മുതൽ 5 രൂപ 59 പൈസ വരേയും

യു.പി. വിഭാഗത്തിൽ സ്റ്റേറ്റ് മാൻഡേറ്ററി ഷെയറായ 2 രൂപ 47 പൈസയ്ക്ക് പകരം 2 രൂപ 56 പൈസ മുതൽ 4 രൂപ 29 പൈസ വരേയും സംസ്ഥാന സർക്കാർ നൽകുന്നു. **ഇത്തരത്തിൽ മാൻഡേറ്ററി ഷെയറിനേക്കാളും കൂടുതൽ കണ്ടിജന്റ് ചാർജ്ജ് അനുവദിക്കുന്നതുമൂലം ഉദ്ദേശം 160 കോടിയോളം രൂപ പ്രതിവർഷം സംസ്ഥാന സർക്കാരിന് അധിക ബാധ്യത വരുന്നു**. ഭൂരിഭാഗം സംസ്ഥാനങ്ങളും കേന്ദ്ര മാനവ വിഭവശേഷി വികസന വകുപ്പ് മന്ത്രാലയം നിഷ്കർഷിച്ചിട്ടുള്ള നിരക്കിലാണ് കണ്ടിജന്റ് ചാർജ്ജ് അനുവദിക്കുന്നത്.

**ഫണ്ട് ലഭ്യത - 2016-17**

2016-17 വർഷം ഉച്ചഭക്ഷണ പദ്ധതിക്ക് കേന്ദ്ര മാനവവിഭവ ശേഷി വികസന വകുപ്പ് മന്ത്രാലയം റിക്കറിംഗ് വിഭാഗത്തിൽ 18769.47 ലക്ഷം രൂപ കേന്ദ്രവിഹിതമായി അനുവദിച്ചു. സംസ്ഥാന സർക്കാരിന്റെ മാൻഡേറ്ററി വിഹിതം 10233.15 ലക്ഷം രൂപയായിരുന്നു. എന്നാൽ കണ്ടിജന്റ് ചാർജ്ജ്, പാചകതൊഴിലാളികളുടെ ഓണറേറിയം, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് എന്നീ ഇനങ്ങളിൽ അധിക ബാധ്യത വരുന്നതിനാൽ മാൻഡേറ്ററി വിഹിതത്തേക്കാൾ 25763.94 ലക്ഷം രൂപ സംസ്ഥാന സർക്കാർ അധികം അനുവദിച്ചു. ഇതിൻപ്രകാരം സ്റ്റേറ്റ് മാൻഡേറ്ററി വിഹിതമായ 10233.15 ലക്ഷം രൂപയുടെ സ്ഥാനത്ത് 35997.15 ലക്ഷം രൂപയാണ് സംസ്ഥാന സർക്കാർ ഉച്ചഭക്ഷണ പദ്ധതിക്കായി അനുവദിച്ചത്.

നോൺ റിക്കറിംഗ് വിഭാഗത്തിൽ പാചക ഉപകരണങ്ങൾ പുതിയത് വാങ്ങുന്നതിനും പഴയത് മാറ്റിയെടുക്കുന്നതിനും 487.60 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷത്തേക്ക് കേന്ദ്ര സർക്കാർ അനുവദിച്ചു. എന്നാൽ പാചകപ്പുര നിർമ്മാണത്തിന് 2016-17 വർഷത്തേക്ക് നൽകേണ്ട 60% കേന്ദ്ര വിഹിതമായ 10995.60 ലക്ഷം രൂപ കേന്ദ്ര സർക്കാർ നൽകിയിട്ടില്ല. ആയത് 2017-18 സാമ്പത്തിക വർഷം അനുവദിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഈ ഇനത്തിലുള്ള സംസ്ഥാന സർക്കാർ വിഹിതമായ 7330.40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

| വിഭാഗം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ആകെ |
|---|---|---|---|
| റിക്കറിംഗ് | 18769.47 | 36978.68 | 55748.15 |
| നോൺ റിക്കറിംഗ് | 487.60 | 7330.40 | 7818.00 |
| **ആകെ** | **19257.07** | **44309.08** | **63566.15** |

ഇതിനു പുറമെ ആഴ്ചയിൽ രണ്ട് പ്രാവശ്യം പാൽ നൽകുന്നതിന്റെ ചെലവിലേക്ക് 1130 ലക്ഷം രൂപയും സർക്കാർ അനുവദിച്ചിരുന്നു.

**ഫണ്ട് വിനിയോഗം 2016-17**

**റിക്കറിംഗ് വിഭാഗത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുവദിച്ച 55748.15 ലക്ഷം** രൂപയിൽ 50013.02058 ലക്ഷം രൂപ വിനിയോഗിച്ചു. പ്ലാൻ ശീർഷകത്തിൽ **ചിലവഴിക്കാത്ത 4846.48142 ലക്ഷം** രൂപ യഥാസമയം സറണ്ടർ ചെയ്തിരുന്നു. **നോൺ** പ്ലാൻ ശീർഷകത്തിൽ 883.648 ലക്ഷം രൂപ ബാക്കി വന്നിരുന്നു.

**നോൺ** റിക്കറിംഗ് **വിഭാഗത്തിൽ** പാചക ഉപകരണങ്ങൾ വാങ്ങുന്നതിനും പഴയ ഉപകരണങ്ങൾ മാറ്റിവാങ്ങുന്നതിനും അനുവദിച്ച 487.60 ലക്ഷം രൂപ പൂർണ്ണമായും ചെലവഴിച്ചു. പാചകപ്പുര നിർമ്മാണത്തിനുള്ള കേന്ദ്ര വിഹിതം (10995.60 ലക്ഷം രൂപ) ലഭിച്ചിട്ടില്ല. കേന്ദ്ര വിഹിതം ഈ വർഷം നൽകാമെന്ന് മാനവ വിഭവശേഷി വികസന വകുപ്പ് മന്ത്രാലയം അറിയിച്ചിട്ടുണ്ട്. ഈയിനത്തിലുള്ള സംസ്ഥാന വിഹിതമായ 7330.40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കേന്ദ്രവിഹിതം ലഭിച്ചാലുടനെ മുഴുവൻ തുകയും വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖാന്തിരം സ്കൂളുകൾക്ക് നൽകുവാൻ സാധിക്കുന്നതാണ്.

**2017-18 ഫണ്ട് ലഭ്യത:-**

2017-18 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ ഉച്ചഭക്ഷണ പദ്ധതിക്കായി 20341.74 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ മാൻഡേറ്ററി വിഹിതം 11635.48 ലക്ഷം രൂപ എന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്.

എന്നാൽ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി നടപ്പുവർഷം സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പ്ലാൻ ശീർഷകങ്ങളിൽ 64053 ലക്ഷം രൂപയും നോൺ പ്ലാൻ ശീർഷകങ്ങളിൽ 4234.66 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ കുട്ടികൾക്ക് ആഴ്ചയിൽ രണ്ട് പ്രവാശ്യം പാൽ നൽകുന്നതിന് 1200 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

**ഫണ്ട് വിനിയോഗം 2017-18 :-**

2017-18 വർഷത്തെ ഫണ്ട് ഇതുവരേയും വിനിയോഗിച്ച് തുടങ്ങിയിട്ടില്ല. ജൂൺ ആദ്യവാരം തന്നെ സ്കൂളുകൾക്കുള്ള ഫണ്ട് വിതരണം നടത്തുന്നതാണ്.